I ഇ.ബി. XIII – കേരള നിയമസഭ/IV - 8

# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2012 മാർച്ച് 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### തിരുത്തിയ ഉത്തരം

#### 18-07-2011-ലെ നക്ഷത്രച്ചിഹ്നമിടാത്ത 2530-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 18-07-2011-ലെ നക്ഷത്രച്ചിഹ്നമിടാത്ത 2530-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

### ഗവർണ്ണറുടെ സന്ദേശം

2012 മാർച്ച് 8-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**അടിയന്തരപ്രമേയം**

**റെയിൽവേ യാത്രാക്കൂലി വർദ്ധിപ്പിച്ച നടപടി**

മി. സ്പീക്കർ: റെയിൽവേ ബഡ്ജറ്റിലൂടെ സംസ്ഥാനത്തെ അവഗണിക്കുകയും ഭക്ഷ്യധാന്യം, സിമന്റ്, രാസവളം എന്നിവയുടെ കടത്തുകൂലിയും യാത്രാക്കൂലിയും വർദ്ധിപ്പിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, മാത്യു ടി തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കഴിഞ്ഞ 9 വർഷമായി റെയിൽവേ ചാർജ് വർദ്ധിപ്പിച്ചിട്ടില്ല. ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഫ്യുവൽ പ്രൈസ് വർദ്ധനവ് പരിഗണിച്ചുകൊണ്ടുമാത്രമേ റെയിൽവേക്ക് പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂവെന്ന് ഇടതുപക്ഷ ട്രേഡ് യൂണിയനുകളടക്കം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചാർജ് വർദ്ധനവ് ജനങ്ങളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അതിൽ മാറ്റങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. റെയിൽവേ വഴി കൊണ്ടുവരുന്ന പെട്രോളിയം ഉൽപ്പന്നങ്ങൾക്കും എഫ്.സി.ഐ.-ലേക്കുള്ള അരിക്കും കേന്ദ്ര ഗവൺമെന്റ് സബ്സിഡി കൊടുക്കുന്നതുകൊണ്ട് വിലവർദ്ധനവ് ഉണ്ടാവുകയില്ല. പുതിയ ട്രെയിനുകൾ കൂടുതൽ ആവശ്യപ്പെട്ടെങ്കിലും 3 എണ്ണം മാത്രമേ അനുവദിച്ചിട്ടുള്ളൂ. പാലക്കാട് കോച്ച് ഫാക്ടറിക്ക് തുക വകയിരുത്തുകയും വാഗൺ ഫാക്ടറിക്ക്

ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഹൈസ്പീഡ് ട്രെയിനിനുള്ള അനുമതിക്ക് ബഡ്ജറ്റിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പുതിയ ട്രെയിൻ സർവ്വീസ് അനുവദിക്കണമെന്ന ആവശ്യവുമായി ശക്തമായി മുന്നോട്ടുപോകുന്നതാണ്. റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിന് സോണൽ ഓഫീസ് അനുവദിക്കുന്നതുവരെ തിരുവനന്തപുരം കേന്ദ്രമാക്കി ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. കുറവുകൾ പരിഹരിക്കുന്നതിന് എം.പി.മാരുടെ സഹകരണത്തോടുകൂടി തുടർന്നും ശ്രമങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഏപ്രിൽ 1-ാം തീയതി മുതൽ റെയിൽവേയുടെ ചാർജ് വർദ്ധനവ് പ്രാബല്യത്തിൽ വന്നാൽ ജനങ്ങളുടെ മേൽ വലിയൊരു ഭാരം അടിച്ചേൽപ്പിക്കുന്ന സ്ഥിതി സംജാതമാകും. പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി 34 കോടി രൂപ നീക്കിവച്ചതിൽ 33 കോടി രൂപയും സ്ഥലമെടുപ്പിനുവേണ്ടിയുള്ളതാണ്. 39 പുതിയ ട്രെയിൻ സർവ്വീസുകൾ ആവശ്യപ്പെട്ടപ്പോൾ അനുവദിച്ചത് രണ്ടെണ്ണം മാത്രമാണ്. തിരുവനന്തപുരം, കോട്ടയം, കണ്ണൂർ റെയിൽവേസ്റ്റേഷനുകൾ ലോകോത്തര റെയിൽവേസ്റ്റേഷനുകളാക്കുക, കണ്ണൂർ, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ പുതിയ കോച്ച് ഡിപ്പോ അനുവദിക്കുക, ചെങ്ങന്നൂരിൽ ചെറിയനാട് കേന്ദ്രമാക്കി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലും തിരുവനന്തപുരത്ത് കുടിവെള്ള ബോട്ട്ലിംഗ് പ്ലാന്റും സ്ഥാപിക്കുക, കേരളം-തമിഴ്നാട്-കർണ്ണാടക ഡിവിഷനുകൾ സംയോജിപ്പിച്ചുകൊണ്ട് പ്രത്യേക പെനിൻസുലാർ സോൺ ആരംഭിക്കുക തുടങ്ങി സംസ്ഥാനം

സമർപ്പിച്ച ഒരാവശ്യവും അംഗീകരിക്കപ്പെട്ടില്ല. വളരെ പഴക്കംചെന്ന കോച്ചുകളാണ് കേരളത്തിന് അനുവദിക്കുന്നത്. റെയിൽവേ ചാർജ്ജ് 25% വർദ്ധിപ്പിച്ചു. ഡീസലിന്റെ ചാർജ് കൂടുന്നതിനനുസരിച്ച് റെയിൽവേയുടെ ചാർജ്ജും കൂട്ടാമെന്നാണ് വാദിക്കുന്നത്. കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എം.പി.മാരുടെ യോഗം വിളിച്ചപ്പോൾ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരാരും പങ്കെടുത്തിട്ടില്ല. റെയിൽവെ ചാർജ്ജ് കുറയ്ക്കുന്നതിനും യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ മുഖ്യമന്ത്രി തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒമ്പത് വർഷക്കാലത്തിനിടയിൽ റെയിൽവേ ചാർജ്ജ് വർദ്ധിപ്പിക്കാത്തത് റെയിൽവേയുടെ സർവ്വീസ് ക്വാളിറ്റിയെ സാരമായി ബാധിച്ചിട്ടുണ്ട്. സാധാരണ ജനങ്ങളെ ബാധിക്കുമെന്നുള്ളതിനാൽ ചാർജ്ജ് വർദ്ധന പിൻവലിക്കണമെന്നുള്ള അഭിപ്രായമാണ് സർക്കാരിനുള്ളത്. സ്ലീപ്പർ ക്ലാസിന്റെ ചാർജ്ജ് വർദ്ധിപ്പിച്ചത് കുറയ്ക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തെ പൂർണ്ണമായി അവഗണിച്ചു എന്നു പറയുന്നത് ശരിയല്ല. ഇൻഡ്യയൊട്ടാകെ റെയിൽവേയുടെ വികസന പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള മാന്ദ്യം കേരളത്തിലും പ്രതിഫലിച്ചിട്ടുണ്ട്. കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, ഹൈസ്പീഡ് റെയിൽ കോറിഡോർ തുടങ്ങിയവയ്ക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മൊത്തത്തിൽ പുതിയ ട്രെയിനുകളുടെ എണ്ണം കുറച്ചതുകൊണ്ടാണ് കേരളത്തിനും അധികം

ട്രെയിനുകൾ ലഭിക്കാത്തത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രദ്ധ ക്ഷണിക്കൽ

(1) പെൻഷൻ പ്രായം ഉയർത്തൽ

ശ്രീ. റ്റി.വി. രാജേഷ്: പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിന്റെ ഫലമായി ഈ വർഷം 43000 ആളുകൾ റിട്ടയർ ചെയ്യേണ്ട ഒഴിവുകളിലേക്കുള്ള നിയമനം ഇല്ലാതാകാൻ പോകുകയാണ്. കേരളത്തിൽ 350 റാങ്ക് ലിസ്റ്റുകൾ മാർച്ച് 31 വരെ നീട്ടിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം ഉദ്യോഗാർത്ഥികൾക്കും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അദ്ധ്യാപകരുടെ പെൻഷൻ പ്രായം 57 ആയി ഉയരുന്നതുമൂലം സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സമീപകാലത്ത് ഒരു നിയമനവും നടക്കാത്ത സ്ഥിതിവിശേഷമുണ്ടാകും. ആയുർവേദ കോളേജ് അദ്ധ്യാപകരുടെയും ഡോക്ടർമാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് യു.ഡി.എഫ്. സർക്കാർ ശുപാർശ ചെയ്തിരിക്കുകയാണ്. യുവജന വിരുദ്ധ സമീപനത്തിൽനിന്നും സർക്കാർ പിൻമാറുകയും പെൻഷൻ പ്രായം 55 വയസ്സായി നിജപ്പെടുത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മുൻസർക്കാർ വിരമിക്കൽ തീയതി ഏകീകരിച്ചതുവഴി ഫലത്തിൽ പെൻഷൻ പ്രായം 56 ആയി ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാരും പി.എസ്.സി. റാങ്ക് ഹോൾഡേഴ്സും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ദുരീകരിക്കാൻ കൂടിയാണ് വിരമിക്കൽ തീയതി ഏകീകരണ സമ്പ്രദായം മാറ്റി പെൻഷൻ പ്രായം 56 വയസ്സായി

നിജപ്പെടുത്തിയത്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തസ്തിക വെട്ടിക്കുറയ്ക്കാൻ യാതൊരു നീക്കവുമില്ല. നിയമന നിരോധനമുണ്ടാകുമെന്ന വാദം ശരിയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 43084 ഉദ്യോഗാർത്ഥികൾക്ക് പുതുതായി നിയമനം നൽകി. 1039 വികലാംഗർക്ക് അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. കൂട്ടവിരമിക്കൽ മൂലം ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് മാർച്ച് 31-നുമുമ്പുതന്നെ ഉദ്യോ ഗാർത്ഥികളെ നിയമിക്കുകയും തുടർന്ന് റിട്ടയർമെന്റിനനുസരിച്ച് പോസ്റ്റിംഗ് നൽകുകയും ചെയ്യും. കൂട്ടവിരമിക്കൽ രീതി നിറുത്തലാക്കി പെൻഷൻ പ്രായം 56 വയസ്സായി നിജപ്പെടുത്തിയതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാവുകയില്ല. അദ്ധ്യാപകരുടെ കാര്യത്തിൽ എന്തു ചെയ്യാൻ കഴി യുമെന്ന് ആലോചിക്കും. ഇതിന്റെ പേരിൽ നടത്തുന്ന സമരങ്ങളിൽനിന്ന് പ്രതിപക്ഷം പിന്മാറണം. യുവജനങ്ങളുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ പാക്കേജ് കൊണ്ടുവരുന്നതോടൊപ്പം പ്രായോഗികമായ ഏത് നിർദ്ദേശവും സ്വീകരിക്കുന്നതുമാണ്.

### (2) <u>എൻഡോസൾഫാൻ നിർവ്വീര്യമാക്കാൻ നടപടി</u>

<u>ശ്രീ. എൻ ഷംസുദ്ദീൻ:</u> എൻഡോസൾഫാൻ നിരോധനത്തിനു ശേഷവും മണ്ണാർക്കാട്, ചീമേനി, രാജപുരം, കാസർഗോഡ് എന്നിവിടങ്ങളിൽ ഇത് സ്റ്റോക്ക് ചെയ്തിരിക്കുന്നത് പരിസരവാസികളെ ആശങ്കപ്പെടുത്തുകയാ ണ്. പുനെയിൽ നിന്നുള്ള ശാസ്ത്രസംഘം 2011 ആഗസ്റ്റിൽ മണ്ണാർക്കാട് വന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ കെട്ടിടത്തിൽ സൂക്ഷിച്ചിരുന്ന കീടനാശിനി അവിടെത്തന്നെ നിർവീര്യമാക്കാൻ ശ്രമിച്ചുവെങ്കിലും നാട്ടുകാർ തടയുകയാ

ണുണ്ടായത്. മണ്ണാർക്കാട് സൂക്ഷിച്ചിട്ടുള്ള 304 ലിറ്റർ എൻഡോസൾഫാൻ ബാരൽ ചോർച്ചയുടെ വക്കിലായതിനാൽ വിജനമായ പ്രദേശത്തുകൊണ്ടു പോയി നിർവീര്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : മലിനീകരണ നിയന്ത്രണ ബോർഡും പ്ലാന്റേഷൻ കോർപ്പറേഷനും സംയുക്തമായി സീൽ ചെയ്ത് വച്ചിട്ടുള്ള എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഡിഫൻസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഓർഗനൈസേഷനോട് ആവശ്യപ്പെട്ട തനുസരിച്ച് അവരുടെ വിദഗ്ദ്ധസംഘം എത്തിയെങ്കിലും പരിസരവാസിക ളുടെ എതിർപ്പിനെത്തുടർന്ന് ആ ദൗത്യം ഉപേക്ഷിക്കേണ്ടി വന്നു. രാജപുരം, കാസർഗോഡ്, ചീമേനി, മണ്ണാർകാട് എന്നീ സ്ഥലങ്ങളിലായി ഏതാണ്ട് 2042 ലിറ്റർ എൻഡോസൾഫാൻ നശിപ്പിക്കാനുണ്ട്. ചീമേനിയിൽ സീൽ ചെയ്തുവച്ചിട്ടുള്ള എൻഡോസൾഫാൻ ലീക്ക് ചെയ്യുന്നുവെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. അതാത് സ്ഥലങ്ങളിൽവച്ച് നിർവീര്യമാക്കുന്നതുമൂലം സാങ്കേതികവും പാരിസ്ഥിതികവുമായ ഒരു പ്രശ്നവുമില്ലെന്നാണ് ഡി.ആർ. ഡി.ഒ.-ലെ വിദഗ്ദ്ധർ പറയുന്നത്. ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അതാത് സ്ഥലങ്ങളിൽവച്ച് നിർവീര്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) ഡിവൈ.എസ്.പി. ഹരിദത്തിന്റെ ആത്മഹത്യ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : പാലക്കാട് പുത്തൂർ ഷീല വധക്കേസിൽ പ്രതിയായ സമ്പത്ത് പോലീസ് ലോക്കപ്പിൽ കൊല്ലപ്പെട്ട കേസ് അന്വേഷിച്ചിരുന്ന സി.ബി.ഐ. ഡിവൈ.എസ്.പി. ഹരിദത്ത്

ആത്മഹത്യ ചെയ്ത സംഭവത്തിൽ പഴുതുകളില്ലാതെയുള്ള അന്വേഷണമാണ് കഴിഞ്ഞ സർക്കാർ നടത്തിയിരുന്നത്. പിന്നീട് കേസ് അന്വേഷണത്തെ വഴിതെറ്റിക്കാൻ നിരന്തരം ഇടപെടലുകളുണ്ടായി എന്നും പല ഉന്നത ഉദ്യോഗസ്ഥരും തന്നെ മാനസികമായി പീഡിപ്പിക്കുന്നുണ്ടെന്നുമാണ് ഹരിദത്തിന്റെ ആത്മഹത്യാ കുറിപ്പിലുള്ളത്. ഈ കേസ്സിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : തിരുവനന്തപുരം സി.ബി.ഐ. സ്പെഷ്യൽ യൂണിറ്റിലെ അഡീഷണൽ പോലീസ് സൂപ്രണ്ടായി ജോലി ചെയ്തുവന്ന ഹരിദത്ത് ആത്മഹത്യ ചെയ്തതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പാലക്കാട് പുത്തൂർ ഷീല വധ ക്കേസിൽ പ്രതിയായ സമ്പത്ത് മരിക്കാനിടയായ കേസിന്റെ അന്വേഷണം നടത്തിവന്നിരുന്ന ഹരിദത്ത് ആ അന്വേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്റെ ആത്മഹത്യാക്കുറിപ്പിൽ എഴുതി വച്ചിട്ടുണ്ട്. അതിൽ സി.ബി.ഐ.ലെ രണ്ട് ഉദ്യോഗസ്ഥരുടെയും ഒരു അഡ്വക്കേറ്റിന്റെയും ഒരു ചീഫ് ജുഡീഷ്യൽ ഓഫീസറുടെയും പേരുകൾ സൂചിപ്പിച്ചിട്ടുണ്ട്. മറ്റാർക്കെങ്കിലും ഇതിൽ പങ്കുണ്ടോയെന്നതിനെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്.

### (2) <u>പുതിയ ഫയർസ്റ്റേഷൻ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> തൃശ്ശൂർ ജില്ലയിലെ രാമവർമ്മപുരത്ത് വിയ്യൂർ ഫയർ അക്കാദമിയോടനുബന്ധിച്ച് ഒരു ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> ഫോർട്ട്കൊച്ചിയിലുണ്ടായിരുന്ന ട്രെയിനിംഗ് സെന്ററിനെയാണ് വിയ്യൂർ ഫയർ അക്കാദമിയായി മാറ്റിയത്. ഈ വിഭാഗത്തിലെ ജീവനക്കാർക്കുള്ള ട്രെയിനിംഗ് കോഴ്സുകൾ തൃശ്ശൂരിലെ

വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുമായി ബന്ധപ്പെട്ടാണ് നടത്തി വരുന്നത്. അക്കാദമിയോടനുബന്ധിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (3) നിർദ്ദിഷ്ട വാതക പൈപ്പ്ലൈൻ

ശ്രീ. വി. ടി. ബൽറാം: ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡിന്റെ നിർദ്ദിഷ്ട വാതക പൈപ്പ്ലൈൻ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി സ്ഥാപി ക്കുന്നതിനും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദിഷ്ട വാതക പൈപ്പ്ലൈൻ അലൈൻമെന്റിന്റെ 80 ശതമാനം കൃഷി ഭൂമികളിൽ കൂടിയും ബാക്കി ജനവാസ കേന്ദ്രങ്ങളിൽ കൂടിയുമാണ് കടന്നുപോകുന്നത്. ഇതുമൂലമുണ്ടാകുന്ന ജനങ്ങളുടെ ആശങ്കകളും ബുദ്ധി മുട്ടുകളും ദൂരീകരിക്കുന്നതിനും ഏറ്റെടുക്കുന്ന ഭൂമിക്ക് അർഹമായ നഷ്ട പരിഹാരം ലഭ്യമാക്കുന്നതിനും ശ്രമിക്കുന്നതാണ്.

## (4) ക്ഷേത്രപരിസരത്തുണ്ടായ പോലീസ് ലാത്തിച്ചാർജ്ജ്

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിലെ തൂണേരി ഗ്രാമ പഞ്ചായത്തിലെ 'വേട്ടയ്ക്കൊരു മകൻ' ക്ഷേത്ര പരിസരത്ത് 17-02-20012-ന് നടന്ന പോലീസ് ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ആരാധനയുമായി ബന്ധപ്പെട്ട പരിപാടികൾക്ക് ഒരു തരത്തിലും തടസ്സമുണ്ടാകരുതെന്നുള്ളതാണ് സർക്കാ രിന്റെ സമീപനം. ക്ഷേത്രപരിസരത്ത് നടന്ന പോലീസ് ലാത്തിച്ചാർജ്ജിനെ

ക്കുറിച്ചുളള അന്വേഷണ റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(5) <u>നൂറനാട് സബ് ട്രഷറി</u>**

<u>ശ്രീ. ആർ. രാജേഷ്</u> : മാവേലിക്കര നൂറനാട് അനുവദിച്ച സബ് ട്രഷറിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി)</u>: നൂറനാട് അനുവദിച്ച സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനുള്ള ഉത്തരവ് വൈകിയതുമൂലമാണ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ പാലമേൽ പഞ്ചായത്തിൻകീഴിലുള്ള കെട്ടിടത്തിൽ താൽക്കാലികമായി ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(6) <u>കർഷകർക്ക് നഷ്ടപരിഹാരം</u>**

<u>ശ്രീ. ഇ.പി. ജയരാജൻ</u> : മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കല്ല്യാട് വില്ലേജിലെ കശുമാവ്, റബ്ബർ തോട്ടങ്ങളിലുണ്ടായ തീപിടിത്തത്തെ തുടർന്ന് കാർഷിക വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരവും കൃഷി നടത്താനുള്ള ധനസഹായവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u> : കല്ല്യാട് വില്ലേജിലുണ്ടായ തീപിടിത്തം സംബന്ധിച്ച് ലഭിച്ച പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറുടേയും തളിപ്പറമ്പ് തഹസീൽദാരുടേയും അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് നഷ്ടപരിഹാരം അടക്കമുള്ള സഹായം നൽകുന്നതാണ്.

## (7) ആറന്മുള എയർപോർട്ട് പദ്ധതി

ശ്രീ. മുല്ലക്കര രത്നാകരൻ : ആറന്മുളയിൽ പുതിയ വിമാനത്താവളത്തിന്റെ പേരിൽ നിലം നികത്തുന്നതും ഭൂമി കയ്യേറുന്നതും തടയുന്നതിനും അനധികൃതമായി നികത്തിയ വയലുകളും വഴിമാറ്റപ്പെട്ട തോടുകളും ഭൂരേഖ പരിശോധിച്ച് പുന:സ്ഥാപിക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ വില്ലേജുകളിൽപ്പെട്ടതും വ്യവസായ മേഖലയായി പ്രഖ്യാപിച്ചിട്ടുളളതുമായ 500-ഓളം ഏക്കർ ഭൂമി കെ.ജി.എസ്. ഗ്രൂപ്പ് വിലയ്ക്ക് വാങ്ങി വിമാനത്താവള നിർമ്മാണത്തിനുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കെ.ജി.എസ്. ഗ്രൂപ്പ് മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പരിസ്ഥിതി സംബന്ധമായ പൊതുതെളിവെടുപ്പ് നടത്തുകയുണ്ടായി. പൊതുജനങ്ങളും സംഘടനകളും ഉന്നയിച്ച ആശങ്കകൾ പരിഹരിച്ച് നീർത്തടങ്ങളും തോടുകളും സംരക്ഷിച്ച് ജനപങ്കാളിത്തത്തോടുകൂടി മാത്രമേ പദ്ധതി നടപ്പാക്കുകയുളളൂ എന്ന് കമ്പനി ഉറപ്പു നൽകിയിട്ടുണ്ട്. കെ.ജി.എസ്. ഗ്രൂപ്പിന്റെ കൈവശമുളള രജിസ്റ്റേർഡ് ഭൂമി പോക്കുവരവ് ചെയ്യുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടില്ല. 31-12-2011-ൽ ജില്ലാ കളക്ടർ വ്യവസായ മേഖലയായി പ്രഖ്യാപിച്ച കെ.ജി.എസ്. ഗ്രൂപ്പിന്റേതല്ലാത്ത ഭൂമി മുഴുവനും ഡീനോട്ടിഫൈ ചെയ്യാൻ തീരുമാനിക്കുകയും ഒഴിവാക്കേണ്ട ഭൂമിയുടെ ലിസ്റ്റ് ഗവൺമെന്റ് പരിശോധിച്ചുവരികയുമാണ്. അനധികൃതമായി നെൽവയൽ നികത്തുന്നത് അടിയന്ത

രമായി നിറുത്തിവയ്ക്കണമെന്നും നിയമവിരുദ്ധമായ നടപടിക്കെതിരെ ഉചിതമായ നടപടി കൈക്കൊള്ളണമെന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) ദേശീയ തൊഴിലുറപ്പ് പദ്ധതി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ദേശീയ തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനും സ്ഥായിയായി പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വിദഗ്ദ്ധ സമിതികൾ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും മെറ്റീരിയൽ കമ്പോണന്റിന് എം.എൽ.എ. ഫണ്ടുകൂടി വിനിയോഗിക്കാനുമുള്ള അനുമതി നൽകാനും ഈ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ജോലി സമയം കുറയ്ക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരമാവധി പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചുരുങ്ങിയ സമയംകൊണ്ട് കൂടുതൽപേർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചെലവഴിച്ച തുകയുടെ 40 ശതമാനം മെറ്റീരിയൽ കോസ്റ്റാക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. എം.പി. ഫണ്ട് ചെലവഴിക്കുന്നതിന്റെ ചുവടുപിടിച്ച് എം.എൽ.എ. ഫണ്ട് നൽകാൻ ഗവൺമെന്റ് തയ്യാറാണ്. ഓരോ പഞ്ചായത്തിനും പദ്ധതി നടത്തിപ്പിനാവശ്യമായ അവകാശങ്ങളും അധികാരങ്ങളുമുണ്ടാകണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പണിയെടുക്കുന്നവർക്ക് കൂലി നൽകുന്നത് ബാങ്കുകൾ വഴിയാണ്. തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ

പണിയെടുക്കുന്ന സ്ത്രീജീവനക്കാരുടെ ജോലി സമയം രാവിലെ 9 മുതൽ വൈകിട്ട് 4.00 മണി വരെയായി നിജപ്പെടുത്തുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാരിൽനിന്ന് ഉടനെ ലഭിക്കുന്നതാണ്.

### (9) ബ്യാരി ഭാഷയേയും സംസ്ക്കാരത്തേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : കാസർഗോഡും പ്രാന്തപ്രദേശങ്ങളിലും സംസാരിക്കുന്ന ലിപിയില്ലാത്ത ബ്യാരി ഭാഷയേയും സംസ്ക്കാരത്തേയും സംരക്ഷിക്കുന്നതിനും ബ്യാരി പാട്ടുകൾ പുതിയ തലമുറയ്ക്ക് അനുഭവ വേദ്യമാക്കുന്നതിനുവേണ്ടി പ്രചരിപ്പിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കാസർഗോഡ് ജില്ലയിലും പ്രാന്തപ്രദേശങ്ങളിലും സംസാരിക്കുന്ന ലിപിയില്ലാത്ത ബ്യാരി ഭാഷയെ സംരക്ഷിച്ച് ഈ മേഖലയിൽ കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ബ്യാരി പാട്ടുകൾ പ്രചരിപ്പിക്കുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനും സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള ഫോക്‌ലോർ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബ്യാരി പാട്ടുകളേയും കലകളേയും ഉപവസിക്കുന്ന നിർദ്ധനരും അവശരുമായവർക്ക് ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### (10) വനിതാക്ഷേമ വകുപ്പ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ. കെ. ലതിക : സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അവരുടെ ക്ഷേമത്തിനുമായി വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സാമൂഹ്യക്ഷേമം എന്ന ശീർഷകത്തിനുകീഴിൽ വനിതാ ക്ഷേമ ത്തിന് അർഹിക്കുന്ന പരിഗണനയും പ്രാധാന്യവും നൽകുന്നതിനായി വനിതാ ക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരു ന്നു. വകുപ്പ് രൂപീകരിക്കുന്നതുവരെ സാമൂഹ്യക്ഷേമ വകുപ്പിനെ പുനർനാ മകരണം ചെയ്ത് വനിതാക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമ പ്രവർത്ത നങ്ങൾ ഏറ്റെടുക്കുന്നതാണ്.

(11) **കൊച്ചി നഗരത്തിലെ രൂക്ഷമായ വെള്ളക്കെട്ട്**

ശ്രീ. ബെന്നി ബെഹനാൻ: കൊച്ചി നഗരത്തിലെയും പരിസര പ്രദേശ ങ്ങളിലെയും രൂക്ഷമായ വെള്ളക്കെട്ട് തടയുന്നതിനും ശാസ്ത്രീയമായ സ്വീവേജ് സിസ്റ്റം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് തേവര-പേരണ്ടൂർ കനാൽ, ചങ്ങാടംപോക്ക് കനാൽ, കാരണക്കോടം കനാൽ, എറണാകുളം മാർക്കറ്റ് കനാൽ, ഇടപ്പള്ളി തോട് എന്നിവ ആഴം കൂട്ടി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള പദ്ധതികൾക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജെൻറം പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയുടെ അഞ്ച് ഡിവിഷനുകൾക്ക് പ്രയോജനം ലഭിക്കുന്ന 240 ദശലക്ഷം ലിറ്റർ ശേഷിയുള്ള സ്വീവേജ് പദ്ധതിക്കായി 151.26 കോടി രൂപയുടെ റിവൈസ്ഡ് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുമ തിക്കായി സമർപ്പിച്ചിട്ടുണ്ട്.

## (12) കടൽഭിത്തികളുടെ പുനർനിർമ്മാണം

ശ്രീ. ജി. സുധാകരൻ: ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിലെ വാടയ്ക്കൽ മുതൽ ആറാട്ടുപുഴ വരെയുള്ള തീരപ്രദേശങ്ങളിലെ തകർന്നു പോയ കടൽഭിത്തികൾ ശാസ്ത്രീയമായി പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കടലാക്രമണം നേരിടുന്നതിനായി പുറക്കാട് കടപ്പുറത്ത് 300 മീറ്റർ നീളത്തിൽ ഈ വർഷം തന്നെ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. കക്കാട്, മാധവൻമുക്ക് എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു. പുറക്കാട് പ്രദേശത്തും ആലപ്പുഴ ജില്ലയിലെ മറ്റ് പ്രദേശങ്ങളിലും പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനത്തിനായി ഐ.ഐ.റ്റി. മദ്രാസിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയ പഠനം നടന്നുവരുന്നു.

## (13) കല്ലട ജസലസേചന പദ്ധതി

ശ്രീ. ജി.എസ്. ജയലാൽ : കല്ലട ജലസേചന പദ്ധതി പൂർത്തീകരിക്കുന്നതിനും ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തിപ്പിച്ച് മൂന്ന് പഞ്ചായത്തുകളിൽ വെള്ളം എത്തിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കല്ലട ജലസേചന പദ്ധതിയുടെ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കാൻ കഴിയാത്തതുകൊണ്ടാണ് പറവൂർ നഗരസഭയിലും മുതുകുളം പഞ്ചായത്തിലും കനാലുകളിൽ ജലവിതരണം നടത്താൻ സാധിക്കാതിരുന്നത്. കനാലിലുണ്ടായ തകരാറുകൾ പരിഹരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (14) ആർ.ബി. കനാൽ

ശ്രീ. കെ. അച്ചുതൻ: ചിറ്റൂർ നിയോജകമണ്ഡലത്തിൽ ലോറികളിൽ കുടിവെള്ളമെത്തിക്കുന്ന പ്രദേശത്തുനിന്ന് മഴക്കാലത്ത് പുഴയിൽ ഒഴുകിപ്പോകുന്ന വെള്ളം കുളങ്ങളിൽ നിറയ്ക്കുന്നതിനും സൗജന്യമായി സ്ഥലം ലഭ്യമാക്കിയാൽ ചിറ്റൂർ ആർ.ബി. കനാൽ വേലന്താവളം വരെ നീട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കുന്ന ജലം ചിറ്റൂർ താലൂക്കിലെ കൃഷി ആവശ്യങ്ങൾക്കും കുടിവെള്ളത്തിനുമായി ഉപയോഗിക്കുകയും മൂലത്തറ റഗുലേറ്ററിൽ നിന്നും വലതുകര കനാലിലേക്കും ഇടതുകര കനാലിലേക്കും ടേൺ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും ഒരു ഭാഗം പുഴയിലൂടെ ഒഴുക്കി നറണി, ആലംകോട് തുടങ്ങിയ കനാൽ സിസ്റ്റങ്ങളിലേക്ക് കൊടുക്കുകയും ചെയ്യുന്നുണ്ട്. വലതുകര കനാൽ കോരയാർ മുതൽ വേലന്താവളം വരെ നീട്ടിയാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. ഒന്നാം ഘട്ടത്തിന് 30 കോടി രൂപയും രണ്ടാം ഘട്ടത്തിന് 40 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു സ്കീമുണ്ടാക്കിയാൽ പ്രത്യേക വിഷയമായി പരിഗണിച്ച് ഈ വർഷം തന്നെ പണി നടത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

### (15) മലാപ്പറമ്പ് ജംഗ്ഷൻ മുതൽ പുളാടിക്കുന്ന് വരെയുള്ള റോഡ്

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് ജംഗ്ഷൻ മുതൽ പുളാടിക്കുന്ന് വരെയുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും ആ ഭാഗത്തെ നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റി റോഡിന്റെ ഇപ്പോഴുള്ള ഭാഗം കെട്ടിസംരക്ഷിക്കുന്നതിനും വൈദ്യുതി പോസ്റ്റുകൾ മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): പുതിയങ്ങാടി-കുറ്റ്യാടി-ചൊവ്വ റോഡിൽ പ്രധാന സ്ഥലങ്ങളിൽ 500 മീറ്റർ ഓവുചാൽ നിർമ്മാണത്തിനും 125 മീറ്റർ ഐറിഷ് ഓവുചാൽ നിർമ്മാണത്തിനും 1240 മീറ്റർ നീളത്തിൽ റോഡിന്റെ വീതി കൂട്ടാനും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും റോഡിൽ ദിശാ അടയാള ബോർഡുകളും വരകളും സ്ഥാപിക്കുന്നതിനുമായി ടെണ്ടർ ക്ഷണിച്ച് തുടർനടപടികൾ നടന്നുവരികയാണ്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. മരം മുറിക്കുന്ന കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്.

### (16) താമരശ്ശേരി, കൊടുവള്ളി ടൗണുകൾക്ക് ബൈപ്പാസ് നിർമ്മാണം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: കോഴിക്കോട്-വയനാട് ദേശീയപാതയിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ വരുന്ന താമരശ്ശേരി, കൊടുവള്ളി ടൗണുകൾക്ക് ബൈപ്പാസ് നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): എൻ.എച്ച്. 212 കോഴിക്കോട്-മുത്തങ്ങ റോഡ് രണ്ട് വരിപ്പാതയാക്കി വികസിപ്പിക്കാനായി കൺസൽട്ടൻസി തയ്യാറാക്കിയ സാദ്ധ്യതാപഠന റിപ്പോർട്ടും നിർദ്ദിഷ്ട മാർഗ്ഗരേഖയും കേന്ദ്ര മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 3700 കി.മീ. നീളമുള്ള താമരശ്ശേരി ബൈപ്പാസ് ഉൾപ്പെടുത്തിയിട്ടുണ്ട്. താമരശ്ശേരി, കൊടുവള്ളി ബൈപ്പാസ്സുകളുടെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(17) മണമ്പൂർ മുതൽ മാമം വരെ ബൈപ്പാസ് നിർമ്മാണം**

ശ്രീ. ബി. സത്യൻ: സ്ഥലം ലഭ്യമാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ എൻ.എച്ച്. 47-ൽ മണമ്പൂർ മുതൽ മാമംവരെ ബൈപ്പാസ് റോഡ് നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്) : ആഴാംകോണം ജംഗ്ഷന് സമീപം തുടങ്ങി മാമം പാലത്തിനുസമീപം അവസാനിക്കുന്ന 10.6 കിലോമീറ്റർ ദൂരമുള്ള പുതിയ ബൈപ്പാസിനുവേണ്ടി 45 മീറ്റർ വീതിയിൽ അതിർത്തിക്കല്ലുകൾ നാഷണൽ ഹൈവേ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷന് അംഗീകാരം ലഭിച്ചാലുടനെ നിർമ്മാണം ആരംഭിക്കാൻ നടപടിയുണ്ടാകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

## (18) പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിലെ ഗുരുതരമായ സാമ്പത്തിക ക്രമക്കേട്

ശ്രീ. എ.റ്റി. ജോർജ്: പാറശ്ശാല നിയോജകമണ്ഡലത്തിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിലെ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) : ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ നൽകിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടുപ്രകാരം സംഘം പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2011-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2012 മാർച്ച് 21-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) 2011 -ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ,

2011-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ,

2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി V-ന്റെ 2010–2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നുമുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്നുമുതൽ മൂന്നുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(6) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2012–2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

ശ്രീ. രമേശ് ചെന്നിത്തല: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണക്കാരും പാവപ്പെട്ടവരും വളരെ പ്രതീക്ഷയോടെ കാണുന്ന ഒരു ബഡ്ജറ്റാണിത്. സമ്പൂർണ്ണ വികസനത്തിലേക്ക് സംസ്ഥാനത്തെ എത്തിക്കാൻവേണ്ടിയുള്ള നയസമീപനങ്ങളാണ് യു.ഡി.എഫ്. സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. അടിസ്ഥാന വികസനത്തിനും സാങ്കേതിക വികസനത്തിനും മൂലധനനിക്ഷേ

പത്തിനും സാമ്പത്തികമാന്ദ്യം പരിഹരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. മെച്ചപ്പെട്ട നിക്ഷേപവർദ്ധനവിനും സ്വകാര്യപങ്കാളിത്തത്തിനും മുൻതൂക്കം നൽകാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ലോകം മുഴുവൻ സാമ്പത്തികമാന്ദ്യം നേരിടുമ്പോഴും സാമ്പത്തിക മേഖലയെ സുസ്ഥിരമാക്കി നിലനിറുത്തുന്നത് കേന്ദ്ര സർക്കാർ സ്വീകരിച്ച സാമ്പത്തിക നയത്തിന്റെ ഫലമാണ്. സംസ്ഥാനത്ത് ശമ്പളവും പെൻഷനും വിതരണം ചെയ്തുകഴിഞ്ഞാൽ പദ്ധതികൾക്ക് പണമില്ലാത്ത സാഹചര്യമുണ്ടെങ്കിലും അധിക നികുതിഭാരം അടിച്ചേൽപ്പിക്കാൻ കഴിയുകയില്ല. 1,000 കോടി രൂപയുടെ അധിക നികുതി വരുമാനമാണ് സർക്കാർ ബഡ്ജറ്റിലൂടെ പ്രതീക്ഷിക്കുന്നത്. ഉൽപ്പാദന മേഖലയിലും സാമൂഹിക-സാമ്പത്തിക അടിസ്ഥാന ഘടകങ്ങളിലും മാനവ വിഭവശേഷി രംഗത്തും പുതിയ നയങ്ങളുണ്ടാകണം. ഈ മേഖലകളിൽ നിക്ഷേപമുണ്ടാക്കുന്നതിന് സ്വകാര്യ മേഖലയിലും വിദേശമൂലധന നിക്ഷേപത്തിലും പി.പി.പി. മോഡലിലും മാർഗ്ഗം കണ്ടെത്തണം. ഇത് മുന്നിൽകണ്ടുകൊണ്ടാണ് സർക്കാർ ഈ ബഡ്ജറ്റിന് രൂപം നൽകിയിട്ടുള്ളത്. കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി വിതരണ പദ്ധതി നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. കഴിഞ്ഞ 10 വർഷമായി കാർഷിക മേഖല തകർച്ചയെ നേരിടുന്നുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് സർക്കാർ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വ്യാവസായിക മേഖലയ്ക്കും സർവ്വീസ് സെക്ടറിനും കൂടുതൽ പ്രാധാന്യം നൽകാൻ ശ്രദ്ധിക്കണം. സർവീസ്

മേഖലയിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് അനിവാര്യമാണ്. നിക്ഷേപം കുറയുന്നതാണ് കാർഷിക-വ്യാവസായിക മേഖലയുടെ മുരടിപ്പിന് പ്രധാന കാരണം. സാമ്പത്തിക മേഖലയിലുണ്ടാകാൻ സാധ്യതയുള്ള മാന്ദ്യത്തെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളുടെ അടിസ്ഥാന വികസനത്തിന് ബഡ്ജറ്റിൽ ഊന്നൽ നൽകിയത് സ്വാഗതാർഹമാണ്. പെൻഷൻ പ്രായം 56 വയസ്സാക്കിയ സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ നൽകാനുള്ള പ്രായപരിധി 36 അല്ലെങ്കിൽ 37 വയസ്സാക്കി ഉയർത്തുകയും ഈ വർഷത്തെ ഒഴിവുകൾ സൂപ്പർന്യൂമററിയായി നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഡിപ്പാർട്ടുമെന്റുകൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. ബഡ്ജറ്റിലെ മാന്ദ്യവിരുദ്ധ പാക്കേജ് സംസ്ഥാനത്തെ വികസനത്തിലേക്ക് നയിക്കാൻ സഹായകമാകും. വികസന സമീപനം തുടർന്നാൽ അഞ്ചുവർഷംകൊണ്ട് സാമ്പത്തികനിലയും സാധാരണക്കാരന്റെ ജീവിതനിലവാരവും മെച്ചപ്പെടുകയും ഇന്ത്യയിലെ മുൻനിര സംസ്ഥാനമായി കേരളം മാറുകയും ചെയ്യും.

<u>ശ്രീ. എം. ചന്ദ്രൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വികസന രംഗത്തെ മുരടിപ്പാണ് ബഡ്ജറ്റിലൂടെ കാണാൻ കഴിയുന്നത്. ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളൊന്നും തന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ആവർത്തനമാണ് ഈ ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. എം.എൽ.എ.-മാരുടെ പ്രാദേശിക വികനസഫണ്ട് ഒരു കോടി രൂപയായി വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചുവെങ്കിലും ഇതുസംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ

ഒരു പഞ്ചായത്തിലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് കാരണം കർഷകർ ആത്മഹത്യചെയ്യുന്ന സ്ഥിതിയാണുള്ളത്. വയനാട്ടിൽ നെല്ല് സംഭരിക്കാതെയും പാലക്കാട്ട് സംഭരിച്ച നെല്ലിന് തുക കൊടുക്കാതെയും റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഖേദകരമാണ്. കൃഷിയെ നിലനിറുത്താൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയും സബ്സിഡിയും കൊടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. മറ്റ് രാജ്യങ്ങളിൽ പരീക്ഷിച്ച് പരാജയപ്പെട്ട കൃഷിരീതികൾ ഇവിടെ നടപ്പിലാക്കരുത്.

<u>ശ്രീ. പി.കെ. ബഷീർ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ 9 മാസത്തെ യു.ഡി.എഫ്. ഭരണത്തിന് കിട്ടിയ അംഗീകാരമാണ് പിറവത്തെ ഉപ തെരഞ്ഞെടുപ്പ് വിജയം. ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകൾക്ക് ഫ്ളാറ്റ് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി സ്വാഗതാർഹമാണ്. സമഗ്ര വികസനം ലക്ഷ്യമാക്കി ദീർഘ വീക്ഷണത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള ബഡ്ജറ്റാണിത്. നാടാർ/മുസ്ലീം സമുദായങ്ങളിലെ വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ് വർദ്ധിപ്പിക്കണം.

<u>ശ്രീ. കെ. അജിത്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കാർഷിക മേഖലയിൽ കൊണ്ടുവരുന്ന ഹൈടെക് സംവിധാനം പരമ്പരാഗത കൃഷിയേയും വിത്തിനങ്ങളേയും നശിപ്പിക്കുമെന്നുള്ളത് ഗൗരവമായി കാണണം. മൂവാറ്റുപുഴ-മീനച്ചിലാർ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റ് കേരളത്തിൽ നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിന് കാരണമാക്കും. പിന്നോക്ക ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

ആവിഷ്കരിക്കുകയും നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുകയും ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ കടബാധ്യതകൾക്ക് പരിഹാരം കാണണം. പെൻഷൻ പ്രായം വർദ്ധിപ്പിച്ചത് തൊഴിലില്ലാത്ത യുവതീയുവാക്കളോടുള്ള വഞ്ചനയാണ്.

ഡോ. എൻ. ജയരാജ് : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. എം.എൽ.എ. വികസന ഫണ്ട് വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. ആധുനിക സാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തി കാർഷിക മേഖലയുടെ വികസനത്തിന് കൂടുതൽ ഊന്നൽ നൽകിയത് അഭിനന്ദനാർഹമാണ്. പരമ്പരാഗത കാർഷിക ശൈലിയിൽനിന്ന് മാറി കൃഷിക്ക് പുതിയൊരു മാനം കൈവരിക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. നെൽകൃഷിയുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വികസന കാഴ്ചപ്പാട് സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. അടിസ്ഥാന മേഖലകളുടെ വികസനത്തിന് ബഡ്ജറ്റിൽ മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അൺഎയ്ഡഡ് മേഖലയിലുള്ള അന്ധവിദ്യാലയങ്ങളെക്കൂടി എയ്ഡഡ് മേഖലയിലേക്ക് കൊണ്ടുവരാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതും ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതുമായ സ്പെഷ്യൽ സ്കൂളുകളെക്കൂടി എയ്ഡഡ് പദവിയിലേയ്ക്ക് ഉയർത്തുന്നതിനും ഈ സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വാറ്റ് നികുതി കൂട്ടി മദ്യത്തിന്റെയും പുകയില

ഉൽപ്പന്നങ്ങളുടെയും വില വർദ്ധിപ്പിച്ച് വിഭവ സമാഹരണം നടത്തണം. കോട്ടയ്ക്കലിൽ ആയുർവേദ സർവ്വകലാശാല ആരംഭിക്കാനുള്ള നടപടി പ്രശംസനീയമാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ വായ്പാ പലിശ എഴുതിത്തള്ളുന്ന പദ്ധതിയിൽ നിശ്ചിത വരുമാനക്കാരായ രക്ഷകർത്താക്കളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി ജമീലാ പ്രകാശം</u> : ബഡ്ജറ്റിനെ എതിർക്കുന്നു. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിപ്പിക്കാനുള്ള നടപടികളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ മന്ത്രിമാരുടെ സാന്നിധ്യം ഉറപ്പ് വരുത്തണം. സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്നുമാസംകൊണ്ട് ഫണ്ട് മുഴുവൻ ഉപയോഗിച്ച് തീർക്കുന്ന രീതിക്ക് മാറ്റം വരുത്തണം. ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധന നടത്തണം. സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ ആസൂത്രണം ചെയ്ത് അതിന്റെ പ്രയോജനം അഭ്യസ്തവിദ്യരായ, തൊഴിൽ വൈദഗ്ദ്ധ്യമുള്ളവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ആഗോള സാമ്പത്തിക പ്രതിസന്ധി മൂലമുണ്ടാകാവുന്ന കെടുതികൾ നേരിടുന്നതിനുള്ള മുൻകരുതലുകളെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. വിദ്യാഭ്യാസ വായ്പയെടുത്ത് പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ മേലുള്ള ജപ്തി നടപടികൾ ഒഴിവാക്കണം. നഴ്സുമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. റോഡ് സുരക്ഷാ പദ്ധതികളെ സംബന്ധിച്ച് വ്യക്തതയുണ്ടാകണം. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണം. കേരളത്തിലെ റേഷൻ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന നടപടികളെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. ബഡ്ജറ്റിലെ ഹൈടെക് കൃഷിരീതി, റൈസ് ബയോ പാർക്ക്, കോക്കനട്ട് ബയോ പാർക്ക് എന്നീ ആശയങ്ങൾ സ്വാഗതാർഹമാണ്. കർഷക ആത്മഹത്യ ഒഴിവാക്കാൻ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ബഡ്ജറ്റിൽ പ്രതിപാദിക്കാത്തത് ഖേദകരമാണ്. കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിലെ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സംഭരിച്ച നെല്ലിന് കർഷകർക്ക് നൽകേണ്ട തുക ബഡ്ജറ്റിൽ വകയിരുത്താത്തത് പ്രതിഷേധാർഹമാണ്. കുട്ടനാട്ടിലെ തട്ടാ ശ്ശേരി, മുണ്ടയ്ക്കൽ, മങ്കൊമ്പ് എന്നീ പാലങ്ങളുടെ പണി അടിയന്തരമായി പൂർത്തിയാക്കണം. കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ പണം വകയി രുത്താനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി നീരേറ്റുപുറം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് യാഥാർത്ഥ്യമാക്കാനും നടപടിയുണ്ടാകണം. നിയോജകമ ണ്ഡലാടിസ്ഥാനത്തിൽ ആസ്തി ഫണ്ട് നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപന ത്തിൽ വ്യക്തതയുണ്ടാകണം. ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

<u>ശ്രീ. ബാബു എം.പാലിശ്ശേരി</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധിക നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുക യാണ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടില്ലെന്നുമാത്രമല്ല ഭരണാനുമതി കിട്ടിയ വർക്കുകൾ പോലും ഒഴിവാക്കിയിരിക്കുകയാണ്. കേരളത്തിലെ തൊഴിലി ല്ലാത്ത ചെറുപ്പക്കാരെ വഞ്ചിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയിരിക്കുന്നത്. സംസ്ഥാനത്ത്

അപ്രഖ്യാപിത പവർകട്ട് ഏർപ്പെടുത്തിയ നടപടി അപലപനീയമാണ്. കർഷക ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. കർഷക രിൽനിന്ന് നെല്ല് സംഭരിക്കാനോ സംഭരിച്ചതിന് യഥാസമയം തുക നൽകാനോ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. അഴിമതിയിൽ മുങ്ങിക്കുളിച്ചിരി ക്കുന്ന ഒരു ഗവണ്മെന്റാണിത്. മലബാർ സിമെന്റ്സ് അഴിമതിയുമായി ബന്ധ പ്പെട്ട അന്വേഷണത്തിൽ പ്രതികളെ ഒഴിവാക്കുന്നതായിട്ടാണ് കാണുന്നത്. സൗമ്യ വധക്കേസിൽ പ്രതിക്കനുകൂലമായി മൊഴിനൽകിയ ഡോക്ടർക്കെതി രെ നടപടിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ആശങ്ക നിലനിൽക്കുമ്പോൾ നദീ സംയോജനത്തിനുള്ള കമ്മീഷനിൽ കേരളം അംഗമായത് ശരിയായ നടപടിയല്ല. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി അപഹാസ്യമായി മാറു കയാണ്. അങ്കമാലി-മണ്ണുത്തി റോഡിന്റേയും ചേറ്റുവ പാലത്തിന്റേയും ടോൾ പിരിവിന്റെ കാര്യത്തിൽ ഒരു പുനർവിചിന്തനം നടത്തണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക മേഖലയ്ക്ക് പുത്തനുണർവ്വ് നൽകാൻ ഉതകുന്ന ഒരു ബഡ്ജറ്റാണിത്. ഈ മേഖലയിൽ ഹൈടെക് കൃഷിരീതിയുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബി ക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. റൈസ് ബയോ പാർക്ക്, കോക്കനട്ട് ബയോ പാർക്കുകൾ, ഗ്രീൻ ഹൗസ് തുടങ്ങിയ പദ്ധതികൾ സ്വാഗതാർഹമാണ്. കൊച്ചി മെട്രോ, മോണോ റെയിൽ, അതിവേഗ റെയിൽ കോറിഡോർ തുടങ്ങിയ വൻകിട പദ്ധതികൾ പ്രാവർത്തികമാ കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മാലിന്യ നിർമ്മാർ ജ്ജനത്തിന് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന ഉറവിട മാലിന്യ സംസ്ക്കരണ പ്ലാന്റ് പഞ്ചായത്തുകളിലേക്കുകൂടി

വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പാലക്കാട് ജില്ലയിൽ പൊതുമേഖലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. യുവാക്കൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന പുതിയ നയസമീപനങ്ങൾ വരേണ്ടതുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ചുരുങ്ങിയ സമയത്തിനുള്ളിൽ 40000-ത്തിലധികം പേർക്ക് ജോലി കൊടുക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്.

ശ്രീ. സി. കൃഷ്ണൻ: ബഡ്ജറ്റിനെ എതിർക്കുന്നു. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചതുമൂലം പതിനായിരക്കണക്കിന് ആളുകളുടെ തൊഴിലവസരങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. നികുതി വർദ്ധനവിലൂടെ വിലവർദ്ധനവുണ്ടാകാൻ പോവുകയാണ്. കേരളത്തിന്റെ വികസനത്തിനുതകുന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിനും കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കാനും നടപടികളുണ്ടാകണം. ഖാദി മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിപ്രകാരം സ്ത്രീ തൊഴിലാളികൾക്ക് മിനിമംകൂലി ഉറപ്പുവരുത്താൻ നടപടിയുണ്ടാകണം. ശിശുക്ഷേമസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മൂന്നുമാസമായി മുടങ്ങിക്കിടക്കുന്ന കുട്ടികൾക്കുള്ള പോഷകാഹാരം നൽകുന്ന പദ്ധതി പുനരാരംഭിക്കണം. കണ്ണൂർ വിമാനത്താവളത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ച തുകപോലും ചെലവഴിക്കാതെ വീണ്ടും 50 കോടി രൂപ അനുവദിക്കുമെന്ന പ്രഖ്യാപനം പരിഹാസ്യമാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തിരുവമ്പാടി മണ്ഡലത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി അനുവദിക്കാൻ നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകാനും വിധവകളോടും അഗതികളോടും ക്യാൻസർ, വൃക്ക രോഗികളോടും ഔദാര്യപൂർവമായ സമീപനം സ്വീകരിക്കാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. മലയോര മേഖലയ്ക്ക് അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കാനും വീടും സ്ഥലവും ഇല്ലാത്തവരുടെ പുനരധിവാസത്തിനുമായി 25 കോടി രൂപ നീക്കി വച്ചതും കുടിവെള്ള പദ്ധതിക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചതും അഭിനന്ദനാർഹമാണ്. മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്ന ഈസ്റ്റേൺ കോറിഡോർ എക്കോ-സർക്യൂട്ടിന് ആവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന തന്റേടം ജന്റർ പാർക്കിനായി 6 കോടി രൂപ വകയിരുത്തിയ നടപടി ശ്ലാഘനീയമാണ്. പതിനായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനും ഓരോ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി സ്ഥാപിക്കാനും കേരളാ സ്വയം സംരംഭക മിഷൻ വഴി അഭ്യസ്തവിദ്യർക്ക് തൊഴിൽ പരിശീലനം നൽകാനുമുള്ള നടപടി ശ്രദ്ധേയമാണ്. കോച്ച് ഫാക്ടറിക്കും മോണോ റെയിൽ പദ്ധതിക്കും തുടക്കം കുറിക്കാനും നാല് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ആർ. രാജേഷ്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വിലക്കയറ്റവും തൊഴിലില്ലായ്മയും രൂക്ഷമാക്കുന്നതും കേരളത്തിന്റെ കാർഷിക-വിദ്യാഭ്യാസ പരമ്പരാഗത വ്യവസസായ മേഖലകളെ അവഗണിക്കുന്നതുമായ ബഡ്ജറ്റാണിത്. പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷൻവഴി സ്വകാര്യവൽക്കരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കം വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കും. സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. ബി.പി.എൽ./-എ.പി.എൽ. വ്യത്യാസമില്ലാതെ മുഴുവൻ വിദ്യാഭ്യാസ വായ്പകൾക്കും മൊറട്ടോറിയം പ്രഖ്യാപിക്കുകയും അതിനായി 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്യണം. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സായി വർദ്ധിപ്പിച്ചത് പിൻവലിക്കണം. കർഷക ആത്മഹത്യ സംബന്ധിച്ച് ബഡ്ജറ്റിൽ യാതൊന്നും പ്രതിപാദിച്ചിട്ടില്ല. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. തകർച്ചയിലേക്ക് നീങ്ങുന്ന ആരോഗ്യ രംഗത്തെ സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിന് ആക്കം കൂട്ടാനും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രതീക്ഷ നൽകാനും കഴിയുന്ന ഒരു ബഡ്ജറ്റാണിത്. എല്ലാ ജില്ലകളിലും ഐ.ടി. പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനവും സ്മാർട്ട് സിറ്റി പദ്ധതിക്ക് തുടക്കം കുറിച്ചതും വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ് അനുവദിച്ചതും അഭിനന്ദനാർഹമാണ്. കുടിവെള്ള പദ്ധതിക്ക് ശാശ്വത പരിഹാരം കാണാനുള്ള പല പദ്ധതികളും ബഡ്ജറ്റിലുണ്ട്. ആലുവയിൽ കുടിവെള്ള പദ്ധതിക്ക് തുക വകയിരുത്താൻ നടപടി സ്വീകരിക്കണം. ഗ്രാമങ്ങളിലെ

മാലിന്യ പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണണം. കെ.എസ്.എഫ്.ഇ. ശാഖ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കാനുള്ള തീരുമാനം അഭിനന്ദ നാർഹമാണ്. തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽ കോറി ഡോർ, കൊച്ചിൻ മെട്രോ റെയിൽ, വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷി പ്മെന്റ് ടെർമിനൽ, വിഴിഞ്ഞം തുറമുഖം എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> ബഡ്ജറ്റിനെ എതിർക്കുന്നു. കാസർഗോഡ് ജില്ലയ്ക്കുവേണ്ടി ബഡ്ജറ്റിൽ പദ്ധതികളൊന്നും പരാമർശി ക്കാത്തത് ഖേദകരമാണ്. കൃഷിയെ സഹായിക്കാനോ കൃഷിഭൂമിയെ സംരക്ഷിക്കാനോ കർഷക ആത്മഹത്യ തടയാനോ യാതൊരു പ്രഖ്യാപനവു മില്ലാത്ത ബഡ്ജറ്റാണിത്. കാർഷിക രംഗം ശക്തിപ്പെടണമെങ്കിൽ കൃഷിക്കാ രേയും കൃഷിഭൂമിയേയും സഹായിക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്ക ണം. കേരളത്തിലെ. സഹകരണമേഖലയെ തകർക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബേക്കൽ, വയനാട്, കൊച്ചി, കുമരകം, കോവളം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. കാസർഗോഡ് ചെറുകിട വിമാനമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുന്ന തിന് തുക അനുവദിക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒമ്പത് മാസത്തെ ഭരണത്തിന്റെ വിലയിരുത്തലാണ് പിറവം ഉപതെരഞ്ഞെ ടുപ്പിൽ ഐക്യജനാധിപത്യമുന്നണിക്കുണ്ടായ വിജയം. കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകുന്ന ജനപക്ഷ ബഡ്ജറ്റാണ് ഇവിടെ അവതരി പ്പിച്ചിരിക്കുന്നത്. റവന്യു വരുമാനത്തിന്റെ 76 ശതമാനവും പലിശയിനത്തിലും

ശമ്പളത്തിനും പെൻഷനുംവേണ്ടി ചെലവഴിക്കുമ്പോഴും ജനത്തെ ബുദ്ധിമുട്ടിക്കാതെ ഖജനാവിലേക്ക് പണം സമ്പാദിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ നടപടിയാണ് ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതി, കൊച്ചി മെട്രോ റെയിൽ പദ്ധതി, തിരുവനന്തപുരത്തും കോഴിക്കോടുമുള്ള മോണോ റെയിൽ, തെക്കുവടക്ക് അതിവേഗ റെയിൽപ്പാത, കൊച്ചി പെട്രോ-കെമിക്കൽ ഇൻഡസ്ട്രിയൽ സോൺ തുടങ്ങിയ വൻപദ്ധതികളും കേരളത്തിന്റെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റുന്ന വിപ്ലവകരമായ നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. ഹൈടെക് കൃഷി പദ്ധതി, കർഷകർക്കുവേണ്ടി എല്ലാ പഞ്ചായത്തിലും ഹരിതഗൃഹം തുടങ്ങിയ പദ്ധതികളും എല്ലാ എം.എൽ.എ. മാർക്കും വികസനപ്രവർത്തനങ്ങൾക്ക് തുല്യമായി ഫണ്ട് അനുവദിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. രാജു എബ്രഹാം: ബഡ്ജറ്റിനെ എതിർക്കുന്നു. കശുവണ്ടി, കയർ മുതലായ മേഖലകളിലെ 14 ലക്ഷത്തിൽപ്പരം തൊഴിലാളികളുടെ പെൻഷൻ സംബന്ധിച്ച് ഒരു പരാമർശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്തത് ഖേദകരമാണ്. ക്ഷേമ പെൻഷനുകളെല്ലാം കുടിശ്ശികയായിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുകയും ചെയ്തിരിക്കുന്നു. പൊതുവിതരണ സമ്പ്രദായം തകിടംമറിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പത്രപ്രവർത്തകരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. എം.എൽ.എ. ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ച് വ്യക്തതയുണ്ടാകണം. മെട്രോ റെയിൽ, ചേർത്തല ഓട്ടോകാസ്റ്റ്, കഞ്ചിക്കോട് കോച്ച് ഫാക്ടറി, ഹൈസ്പീഡ് റെയിൽ കോറിഡോർ തുടങ്ങിയ പദ്ധതികൾ പ്രാവർത്തിക

മാക്കാൻ നടപടി സ്വീകരിക്കണം. നദീസംയോജന പ്രശ്നത്തിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ.എൻ.എ. ഖാദർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയെ ക്രമീകരിക്കുന്ന തരത്തിലുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഹൈടെക് കൃഷിരീതി ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഹെലിപാഡ്, വിമാനത്താവളം, ആയുർവേദ സർവ്വകലാശാല എന്നീ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആഭ്യന്തര ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകും. മെട്രോ റെയിൽ, മോണോ റെയിൽ, വിഴിഞ്ഞം പദ്ധതി, സാങ്കേതിക സർവ്വകലാശാല, വിസ്ഡം യൂണിവേഴ്സിറ്റി, പാലക്കാട് ഐ.ഐ.ടി., അക്കാഡമിക് സിറ്റി തുടങ്ങിയവ ആരംഭിക്കുന്നതോടെ ആഗോള സാമ്പത്തികമാന്ദ്യത്തെ തടഞ്ഞുനിറുത്താൻ കേരളത്തിന് സാധിക്കും. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓരോ സർക്കിൾ ഇൻസ്പെക്ടർമാരേയും ഡിവൈ.എസ്.പി.മാരേയും നിയമിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഡീ-ലിമിറ്റേഷൻ കമ്മീഷനെ നിയമിക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകളില്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കണം. പെരുവള്ളൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റേയും അരിയല്ലൂർ റെയിൽവേ അണ്ടർപാസിന്റേയും നിർമ്മാണത്തിനും കോഴിക്കോട് സർവ്വകലാശാലയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുണ്ടാക്കാനും ലോകോത്തര നിലവാരത്തോടുകൂടിയ സ്പോർട്ട്സ് സമുച്ചയമുണ്ടാക്കാനും ആവശ്യമായ ധനസഹായം അനുവദിക്കണം. ബഡ്ജറ്റിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകിയത് സ്വാഗതാർഹമാണ്. എല്ലാ

പ്രദേശങ്ങൾക്കും തുല്യനീതി ലഭിക്കത്തക്കവിധത്തിലുള്ള വികസന പദ്ധതികൾ നടപ്പിലാക്കാൻ സഹായകരമായ നിലപാട് സ്വീകരിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ : ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ ചില പ്രദേശങ്ങൾക്ക് മാത്രമാണ് മുൻഗണന നൽകിയിരിക്കുന്നത്. ബഡ്ജറ്റിൽ കർഷകത്തൊഴിലാളികളെ അവഗണിച്ചതും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായം വകയിരുത്താത്തതും പ്രതിഷേധാർഹമാണ്. അടിസ്ഥാന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുള്ള നടപടികളൊന്നും ബഡ്ജറ്റിലില്ല. കർഷകത്തൊഴിലാളി പെൻഷനും പത്രപ്രവർത്തകരുടെ പെൻഷനും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ.-മാർക്ക് വികസനപ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളെ ദ്രോഹിക്കുന്ന സമീപനമാണ് ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തിയതിലൂടെ ചെറുപ്പക്കാരുടെ തൊഴിൽ സാധ്യതകൾ ഇല്ലാതാക്കിയിരിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ഭാവി വികസനത്തിന് വ്യക്തമായ ദിശാബോധം നൽകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ മുഖച്ഛായ മാറ്റാനുതകുന്ന വൻകിട പദ്ധതികളുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനും കാർഷിക വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞു. ഗ്രീൻ ഹൗസ്, റൈസ് ബയോ പാർക്ക്, കോക്കനട്ട് ബയോ പാർക്ക് എന്നിവയുടെ പ്രഖ്യാപനം ശ്രദ്ധേയമാണ്. തൊഴിൽ വൈദഗ്ദ്ധ്യ വികസന പദ്ധതി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്മെന്റ് ജനറേഷൻ കേന്ദ്രങ്ങളാക്കാനുള്ള തീരുമാനം എന്നിവ

സ്വാഗതാർഹമാണ്. പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കാനുള്ള യൂണിറ്റുകൾക്ക് ധനസഹായം നൽകുകയും തുണികൊണ്ടുള്ള ക്യാരി ബാഗുകൾ കൂടുതലായി ലഭ്യമാക്കുകയുംവേണം. ഈ ഗവൺമെന്റ് വന്നതിനുശേഷം 1039 വികലാംഗർക്ക് നിയമനം നൽകുകയും കെ.എസ്.ആർ.ടി.സി.യിലെ എം.പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്തു. അധ്യാപക പാക്കേജ് നടപ്പിലാക്കി. അന്ധ-ബധിര-മൂക വിദ്യാർത്ഥികൾ പഠിക്കുന്ന നിലവിലുള്ള അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിനുള്ള നടപടി അഭിനന്ദനാർഹമാണ്. പതിമൂന്ന് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന ആറൻമുള നിയോജ കമണ്ഡലത്തിൽ കൂടുതൽ പദ്ധതികൾ അനുവദിക്കാൻ തയ്യാറാകണം.

<u>ശ്രീ. എം.എ. ബേബി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളുടെ മേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണിത്. ഗവൺമെന്റ്-എയ്ഡഡ് സ്ക്കൂളുകളിലെ എട്ടാം ക്ലാസ് വരെയുള്ള കുട്ടി കൾക്ക് ആഴ്ച്ചയിൽ രണ്ട് ഗ്ലാസ് പാൽ കൊടുക്കുന്നതിനും മാനസിക വൈകല്യമുള്ള കുട്ടികളെ സംരക്ഷിക്കുന്ന അംഗീകൃത സ്ഥാപനങ്ങളുടെ ധന സഹായത്തിനും തുക വകയിരുത്തണം. '104 സ്ക്കൂൾ പദ്ധതി', ഹയർ സെക്കന്ററി സ്ക്കൂളുകളിലെ പെൺകുട്ടികളുടെ ടോയ്ലറ്റ് നിർമ്മാണം എന്നി വയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്തത് ഖേദകരമാണ്. സെക്കന്ററി സ്ക്കൂൾ കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾ വികസിപ്പിക്കാനും 'സ്റ്റിമുലേ റ്റിംഗ് ടാലന്റ്സ് ഇൻ സ്പോർട്ട്സ്'-നും പാങ്ങപ്പാറയിലുള്ള സി.എച്ച്. മുഹമ്മദ്കോയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്-നും തുക നീക്കി

വയ്ക്കണം. 'വാക്ക് വിത്ത് എ സ്‌ക്കോളർ' പദ്ധതി സ്വാഗതാർഹമാണ്. കേരളത്തിൽ ഒരു ഐ.ഐ.റ്റി. സ്ഥാപിക്കുമെന്ന പ്രധാനമന്ത്രിയുടെ വാഗ്ദാനം പാലിക്കാൻ കഴിഞ്ഞിട്ടില്ല. നോളജ് സിറ്റിയും അക്കാഡമിക് സിറ്റിയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കണം. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യം, അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് സ്കീം, എന്നിവയ്ക്ക് യാതൊരു നിർദ്ദേശങ്ങളും ബഡ്ജറ്റിൽ ഇല്ലാത്തത് ഖേദകരമാണ്. കൊല്ലം ടെക്നോപാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയിലെ ചിറ്റുമല ചിറ പദ്ധതിക്ക് ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി കക്ഷിഭേദമന്യേ ഒന്നിച്ചുനിന്ന് പ്രവർത്തിക്കാൻ കഴിയണം. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ മേഖലയിൽ ഈ ഗവൺമെന്റ് തുടർന്നുവരുന്ന നയങ്ങൾ നിമിത്തം വിദ്യാർത്ഥികൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

(സഭ വൈകുന്നേരം 5.00-ന് പിരിഞ്ഞു.)

............